**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2832** **13-03-2020 ൽ മറുപടിക്ക്**

## ഭൂമി പതിവ് ചട്ടങ്ങളിൽ വരുത്തിയ ഭേദഗതികൾ

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.കെ. രാജൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.മുഹമ്മദ് മുഹസിൻ പി.<br>ശ്രീ. എൽദോ എബ്രഹാം | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂം ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) 1964 ലെ ഭൂമി പതിവ് ചട്ടങ്ങളിൽ ഈ സർക്കാർ വരുത്തിയ ഭേദഗതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1964 ലെ കേരള ഭൂമി പതിവ് ചട്ടത്തിൽ 17.08.2017 ലെ ജി.ഒ (പി) നം. 60/2017/ആർ.ഡി, 02.02.2018 ലെ ജി.ഒ (പി) നം. 7/2018/ആർ.ഡി, 15.02.2020 ലെ ജി.ഒ(പി)17/2020/ആർ.ഡി എന്നീ ഭേദഗതി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br>17.08.2017 ലെ ജി.ഒ (പി) നം. 60/2017/ആർ.ഡി. ഉത്തരവ് പ്രകാരം വരുത്തിയ ഭേദഗതികൾ താഴെ കാണാവുന്നതാണ്.<br>1) കൈവശത്തിലുള്ള ഭൂമി പതിച്ചു നൽകുന്ന കേസുകളിൽ 1964 ലെ ഭൂമി പതിവ് ചട്ടത്തിലെ ചട്ടം 7 ൽ 1 പ്രകാരമുണ്ടായിരുന്ന വരുമാനപരിധി ഒഴിവാക്കിയിട്ടുണ്ട്.<br>2) കൈവശമില്ലാത്ത ഭൂമി പതിച്ചു നൽകുന്ന കേസുകളിൽ പതിച്ചു കിട്ടിയ ഭൂമി 1964 ലെ കേരള ഭൂമി പതിവ് ചട്ടത്തിലെ ചട്ടം 8-ൽ 1 എ പ്രകാരമുണ്ടായിരുന്ന 25 വർഷത്തേക്ക് അന്യാധീനപ്പെടുത്താൻ പാടില്ലായെന്നുള്ളത് 12 വർഷത്തേക്ക് എന്ന നിലവിൽ പുനർ നിർണയം ചെയ്തിട്ടുണ്ട്.<br>3) പതിച്ചു കിട്ടുന്ന ഭൂമി പണയപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് 1964 ലെ കേരള ഭൂമി പതിവ് ചട്ടത്തിലെ ചട്ടം 8 ൽ 1 പ്രകാരമുണ്ടായിരുന്ന പ്രൊവിസോ ഒഴിവാക്കിയിട്ടുണ്ട്. 8 (ബി) (ii) ആയി പുതിയ പ്രൊവിസോ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം ഭവന നിർമ്മാണത്തിനോ, കൃഷി ആവശ്യങ്ങൾക്കോ ഭൂമി അഭിവൃദ്ധിപ്പെടുത്തുന്നതിനോ വേണ്ടി പതിച്ചു കിട്ടിയ ഭൂമി ഗവൺമെന്റിനോ, ബാങ്കിനോ, ധനകാര്യ സ്ഥാപനങ്ങൾക്കോ, റബ്ബർ ബോർഡിനോ, ടി ബോർഡിനോ ജാമ്യം എന്ന രീതിയിൽ പണയപ്പെടുത്താവുന്നതാണ്.<br>4) നിലവിൽ 1964 ലെ കേരള ഭൂമി പതിവ് ചട്ടപ്രകാരം അപ്പൻഡിക്സ് II ൽ പട്ടയം നൽകി വരുന്നത് പുതുക്കിയ ഭേദഗതി പ്രകാരം കൈവശഭൂമിക്ക് അപ്പൻഡിക്സ് II ലും കൈവശമില്ലാത്ത ഭൂമിക്ക് അപ്പൻഡിക്സ് II A ലും പട്ടയം നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | 02.02.2018 ലെ ജി.ഒ (പി) നം. 7/2018/ആർ.ഡി ഉത്തരവ് പ്രകാരം 1964 ലെ കേരള ഭൂമി പതിവ് ചട്ടത്തിലെ ചട്ടം 9 (1) ൽ പതിവുത്തരവ് നല്കുന്നതിനുള്ള ഫോറം കൈവശമുള്ള ഭൂമിക്കാണെങ്കിൽ അപ്പെൻഡിക്സ് 1 ലും കൈവശമില്ലാത്ത ഭൂമിയുടെ കാര്യത്തിൽ അപ്പെൻഡിക്സ് I (A) ലും നൽകുന്നതിനുത്തരവായിട്ടുണ്ട്.<br>15.02.2020 ലെ ജി.ഒ (പി) 17/2020/റവ ഉത്തരവ് പ്രകാരം 1964 ലെ കേരള ഭൂമി പതിവ് ചട്ടത്തിലെ ചട്ടം 18 ൽ 3 പ്രകാരം 5.2.2016 വരെയുള്ള പാട്ടക്കുടിശ്ശിക ഒറ്റത്തവണയായി 6.2.2016 ലെ ജി.ഒ (എം.എസ്) 96/2016/റവ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ഒടുക്കാവുന്നതാണ്. |
| (ബി) | കൈവശത്തിലില്ലാത്ത പതിച്ചുകിട്ടുന്ന ഭൂമി കൈമാറ്റത്തിനുള്ള കാലപരിധി കുറച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | 17.08.2017 ലെ ജി.ഒ (പി) നം. 60/2017/ആർ.ഡി ഉത്തരവ് പ്രകാരം കൈവശമില്ലാത്ത ഭൂമി പതിച്ചു നൽകുന്ന കേസുകളിൽ പതിച്ചു കിട്ടിയ ഭൂമി 1964 ലെ കേരള ഭൂമി പതിവ് ചട്ടത്തിലെ ചട്ടം 8-ൽ 1 എ പ്രകാരമുണ്ടായിരുന്ന 25 വർഷത്തേക്ക് അന്യാധീനപ്പെടുത്താൻ പാടില്ലായെന്നുള്ളത് 12 വർഷത്തേക്ക് എന്ന നിലവിൽ പുനർ നിർണയം ചെയ്തിട്ടുണ്ട്. |
| (സി) | പതിച്ചുകിട്ടുന്ന കൈവശ ഭൂമി എപ്പോൾ വേണമെങ്കിലും കൈമാറ്റം ചെയ്യാനാകുമോ; വ്യക്തമാക്കുമോ; | (സി) | 1964 ലെ കേരള ഭൂമി പതിവു ചട്ടത്തിൽ കൈവശഭൂമി എന്നു പറഞ്ഞിട്ടുള്ള പതിവു കിട്ടുന്ന കൈവശഭൂമി (occupied land) കൈമാറ്റം ചെയ്യുന്നതിന് നിശ്ചയിച്ചിട്ടുണ്ടായിരുന്ന കാലപരിധി 30.9.2014 ലെ ജി.ഒ (പി) 425/2014/ആർ.ഡി ഉത്തരവ് പ്രകാരം ഒഴിവാക്കിയിട്ടുണ്ട്. |
| (ഡി) | കൈവശ ഭൂമിയായാലും കൈവശത്തിലില്ലാത്ത ഭൂമിയായാലും അത് എല്ലാത്തരം ബാങ്കുകളിലും ഈട് വച്ച് ലോൺ എടുക്കുന്നതിന് സാധിക്കുമോ; | (ഡി) | 07.08.2017 ലെ ജി.ഒ (പി) നം. 60/2017/ആർ.ഡി ഉത്തരവ് പ്രകാരം 1964 ലെ കേരളഭൂമി പതിവ് ചട്ടം 8 (ബി) (ii) ൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രൊവിസോ പ്രകാരം ഭവന നിർമ്മാണത്തിനോ കൃഷി ആവശ്യങ്ങൾക്കോ ഭൂമി അഭിവൃദ്ധിപ്പെടുത്തുന്നതിനോ വേണ്ടി പതിച്ചു കിട്ടിയ ഭൂമി ഗവൺമെന്റിനോ ബാങ്കിനോ ധനകാര്യ സ്ഥാപനങ്ങൾക്കോ റബ്ബർ ബോർഡിനോ ടീ ബോർഡിനോ ജാമ്യം എന്ന രീതിയിൽ പണയപ്പെടുത്തി ലോൺ എടുക്കാവുന്നതാണ്. |
| (ഇ) | പട്ടയഭൂമിയിൽ കൃഷിക്കാർ വച്ചു പിടിപ്പിക്കുന്ന മരങ്ങളുടെ അവകാശം കൃഷിക്കാർക്ക് തന്നെ ലഭിക്കുന്ന വിധത്തിൽ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | (ഇ) | 17.8.2017 ലെ ജി.ഒ (പി) 60/2017/ആർ.ഡി ഭേദഗതി പ്രകാരമുള്ള പട്ടയ ഫാറത്തിലെ വ്യവസ്ഥകളിലെ വ്യവസ്ഥ 2 പ്രകാരം പതിച്ചു കിട്ടുന്ന ഭൂമിയിലെ മരങ്ങളിൽ പട്ടാദാർക്കുള്ള അവകാശം 1964 ലെ കേരള ഭൂമി പതിവ് ചട്ടം 10 (3) പ്രകാരവും 1986 ലെ കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ആക്ടിലെ സെക്ഷൻ 22 പ്രകാരവും ആണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**